പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 137

# 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 137

# 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

860/2018.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 137

# 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

## 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

## ഒരു
## ബിൽ

പീഠിക.— 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2015 നവംബർ 12-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 143എ വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) (ഇതിനു ശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 143എ വകുപ്പ്, (1)-ാം ഉപവകുപ്പിൽ, "പതിനഞ്ച് മാസങ്ങൾക്കകം" എന്ന വാക്കുകൾക്കു പകരം "മുപ്പത് മാസങ്ങൾക്കകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2018-ലെ 34) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) 143എ വകുപ്പ് (1)-ാം ഉപവകുപ്പിൽ ഒരു കൗൺസിലർ തന്റെ സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ പതിനഞ്ച് മാസങ്ങൾക്കകം നിശ്ചിത ഫാറത്തിൽ അയാളുടേയും അയാളുടെ കുടുംബത്തിലെ മറ്റംഗങ്ങളുടെയും സ്വത്തുക്കളുടെയും ബാദ്ധ്യതകളുടെയും സ്റ്റേറ്റുമെൻറ് സർക്കാർ ഇതിലേക്കായി വിജ്ഞാപനം മുഖേന അധികാരപ്പെടുത്തുന്ന കോംപിറ്റൻറ് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന് 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് (2013-ലെ 1) മുഖേന കൊണ്ടുവന്ന ഭേദഗതി പ്രകാരമാണ് പ്രസ്തുത ഭേദഗതിക്ക് മുമ്പ് നിലവിലുണ്ടായിരുന്ന 'മൂന്ന് മാസത്തിനകം' എന്ന കാലാവധി 'പതിനഞ്ച് മാസങ്ങൾക്കകം' എന്ന കാലാവധിയായി വർദ്ധിപ്പിച്ചത്. എന്നാൽ പല കാരണങ്ങളാലും ഈ സമയപരിധിക്കകം പല കൗൺസിലർമാർക്കും അവരുടെ സ്വത്തുവിവരം സംബന്ധിച്ച സ്റ്റേറ്റുമെൻറ് സമർപ്പിക്കാൻ സാധിച്ചിട്ടില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ, പ്രസ്തുത വകുപ്പിലെ "പതിനഞ്ച് മാസങ്ങൾക്കകം" എന്ന സമയപരിധി "മുപ്പത് മാസങ്ങൾക്കകം" എന്ന് ദീർഘിപ്പിച്ചുകൊണ്ട് പ്രസ്തുത വകുപ്പ് ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2018-ലെ 34 ) 2018 ഏപ്രിൽ 26-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2018 ഏപ്രിൽ 26-ാം തീയതിയിലെ 1071-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

2018-ലെ 34-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ഡോ. കെ. ടി. ജലീൽ

# 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ (1994-ലെ 20) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

* * * * * * * *

143എ. <u>കൗൺസിലർമാർ സ്വത്തുവിവരം സംബന്ധിച്ച പ്രസ്താവം നൽകണമെന്ന്</u>.—(1) ഒരു കൗൺസിലർ തന്റെ സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ പതിനഞ്ച് മാസങ്ങൾക്കകം നിശ്ചിത ഫാറത്തിൽ അയാളുടേയും അയാളുടെ കുടുംബത്തിലെ മറ്റംഗങ്ങളുടെയും സ്വത്തുക്കളുടെയും ബാദ്ധ്യതകളുടെയും സ്റ്റേറ്റ്മെൻറ് സർക്കാർ ഇതിലേക്കായി വിജ്ഞാപനം മുഖേന അധികാരപ്പെടുത്തുന്ന കോംപിറ്റൻറ് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്:

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന സമയം കൗൺസിലറായിരിക്കുന്ന ഒരാൾ സർക്കാർ ഇതിലേക്കായി നിശ്ചയിക്കുന്ന തീയതിക്കു മുമ്പ് അപ്രകാരമുള്ള ഒരു സ്റ്റേറ്റ്മെൻറ് കോംപിറ്റൻറ് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

* * * * * * * *

(4)(1)-ാം ഉപവകുപ്പിലും (2)-ാം ഉപവകുപ്പിലും പറഞ്ഞിട്ടുള്ള തീയതിക്കുള്ളിൽ ഒരു കൗൺസിലർ അപ്രകാരമുള്ള സ്റ്റേറ്റ്മെൻറ് കോംപിറ്റൻറ് അതോറിറ്റിക്ക് സമർപ്പിച്ചിട്ടില്ലാത്തപക്ഷം 91-ാം വകുപ്പ് പ്രകാരം കൗൺസിലറായി തുടരുന്നതിന് അയോഗ്യത കൽപ്പിക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണ്.

* * * * * * * *